## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *10** **25.04.2017-ൽ മറുപടിക്ക്**

### ഫോൺ ചോർത്തുന്നതിന് അനുമതി നൽകുന്നതിന് ചുമതലപ്പെട്ടവർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഫോൺ ചോർത്തുന്നതിന് അനുമതി ഉള്ളത് ആർക്കൊക്കെയാണെന്നും എന്തൊക്കെ ആവശ്യത്തിനാണ് പ്രസ്തുത അനുമതി നല്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാന പോലീസിലെ പ്രത്യേകം അധികാരപ്പെടുത്തിയിട്ടുള്ള ഐ.ജി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് വളരെ അത്യാവശ്യ ഘട്ടങ്ങളിൽ ഫോൺ സന്ദേശങ്ങൾ നിരീക്ഷിക്കുന്നതിന് അനുമതി നൽകാറുണ്ട്.<br><br>രാഷ്ട്രത്തിന്റെ സുരക്ഷക്കോ അഖണ്ഡത ക്കോ ഭംഗം വരുത്തുന്ന സന്ദർഭങ്ങളിലോ അല്ലെങ്കിൽ അത്യാവശ്യ ഘട്ടങ്ങളിൽ ജനങ്ങളുടെ സേവനത്തിനായി ഒരു കുറ്റകൃത്യം തടയുന്നതിനോ വേണ്ടി സർക്കാരിന്റെ അനുവാദത്തോടുകൂടി ഫോൺ വഴി നടക്കുന്ന സന്ദേശങ്ങളും സംഭാഷണങ്ങളും നിരീക്ഷിക്കാവുന്നതാണ്. |
| (ബി) പ്രസ്തുത അനുമതി നല്കുന്നതിന് ചുമതലപ്പെട്ടവർ ആരൊക്കെയാണെന്നും അനുമതി എത്ര കാലയളവിലേക്ക് നല്കുന്നതാണെന്നും വ്യക്തമാക്കുമോ; | (ബി) സംസ്ഥാന ആഭ്യന്തര സെക്രട്ടറിയാണ് അനുമതി നൽകാൻ അധികാരപ്പെടുത്തി യിട്ടുള്ള ഉദ്യോഗസ്ഥൻ. സർക്കാർ ഉത്തരവ് പ്രകാരം 60 ദിവസം കാലയളവിലേക്ക് നിരീക്ഷിക്കാവുന്നതാണ്. |

| | |
|---|---|
| (സി) അത്യന്താധുനിക വിദേശ ഉപകരണങ്ങൾ ഉപയോഗിച്ച് സ്വകാര്യ സ്ഥാപനങ്ങൾ ഫോൺ ചോർത്തുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ? | (സി) അത്യന്താധുനിക വിദേശ ഉപകരണങ്ങൾ ഉപയോഗിച്ച് സ്വകാര്യ സ്ഥാപനങ്ങൾ ഫോൺ ചോർത്തുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**